# IV. സബ്മിഷൻ

## ശ്രീ. പി. കെ. കുഞ്ഞിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനെസംബന്ധിച്ച് ശ്രീ. കെ. കരുണാകരന്റെ സബ്മിഷൻ

ശ്രീ. കെ. കരുണാകരൻ: സർ, ഒരു സബ്മിഷൻ. ദിവംഗതനായ ശ്രീ. കുഞ്ഞുസാഹിബ് കേരള രാഷ്ട്രീയത്തിലെ പ്രമുഖനായ ഒരു നേതാവും ഈ സഭയിലെ മന്ത്രിയും എം.എൽ.എ. യും ആയിരുന്നു. അദ്ദേഹം ദിവംഗതനായതിനുശേഷം ആദ്യം കൂടുന്ന സമ്മേളനമാണ്. ഗവൺമെൻറിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നീക്കം ഉണ്ടാകുമെന്നു കരുതിയാണ് അതിനെക്കുറിച്ച് ഉന്നയിക്കാതിരുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിക്കുവാനും ഖേദം പ്രകടിപ്പിക്കുവാനുംവേണ്ടി സഭാനടപടികൾതന്നെ നിറുത്തിവയ്ക്കേണ്ടതായിരുന്നു. അതിനുവേണ്ടി ഇതുവരെയും ശ്രമിക്കാതിരുന്നത് നിർഭാഗ്യകരമായിപ്പോയി. ഇനിയെങ്കിലും ആവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: വേണ്ട നടപടി എടുക്കാം.

# V. ധനകാര്യം

## 1979-80-ലേക്കുള്ള ഉപധനാഭ്യർത്ഥന

*Minister for Finance* **(Sri S. Varadarajan Nair)**: Sir, I lay on the Table the Supplementary Financial Statement for the year 1979-80

# VI. റിപ്പോർട്ട് സമർപ്പണം

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 4-ാമതു റിപ്പോർട്ട്

**Sri Xavier Arrakkal**: Sir, I, Member, Committee on Subordinate Legislation, present the Fourth Report of the Committee.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

# VII. നിയമനിർമ്മാണകാര്യം

## (i) 1978-ലെ ശമ്പളങ്ങളും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

*Minister for Finance* **(Sri S. Varadarajan Nair):** Sir, I introduce the Payment of Salaries and Allowances (Amendment) Bill, 1978.

**Mr. Deputy Speaker:** The Bill stands introduced.

LIBRARY ARCHIVES Kerala Legislative Assembly